# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, തിരുവനന്തപുരം

ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ,
തിരുവനന്തപുരം-695 014, ഫോൺ-0471-2333300.
വെബ്സൈറ്റ് - www.kscewb.kerala.gov.in ഇ- മെയിൽ - secretary. kscewb.tvm@ gmail.com

റീജിയണൽ ഓഫീസ് : 1) പി ബി നമ്പർ. 76, പീക്കേ കോംപ്ലക്സ്, അണ്ടർബ്രിഡ്ജിന് സമീപം, മുനീശ്വരൻ കോവിൽ റോഡ്, കണ്ണൂർ-1, ഫോൺ- 0497-2708370
2) പി ബി നമ്പർ. 106, മഹേശ്വരി ബിൽഡിംഗ്, എം. ജി. റോഡ്, തൃശൂർ- 680001, ഫോൺ- 0487-2444266
3) കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ബിൽഡിംഗ്, ഗാന്ധി നഗർ, കടവന്ത്ര .പി.ഒ, കൊച്ചിൻ -20, എറണാകുളം, ഫോൺ- 0484-2205693.
4) ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ, തിരുവനന്തപുരം-695 014, ഫോൺ-0471-2333336.

No : WBCA/G/2629/2021 തീയതി : 17/08/2021

## സർക്കുലർ നമ്പർ : 02/2021

വിഷയം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്- കോവിഡ് -19 രണ്ടാം തരംഗത്തിലെ ലോക്ഡൗൺ കാലയളവിൽ സഹകരണ സംഘം ജീവനക്കാർക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്:-

സൂചന: 1) ഈ ഓഫീസിൽനിന്നുള്ള 07-07-2021 തീയതിയിലെ അറിയിപ്പ്.
2) ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ 16-08-2021 തീയതിയിലെ ഉത്തരവ്.

കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായവരും കോവിഡ്-19 രണ്ടാം തരംഗത്തിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതുമൂലം വേതനം ലഭിയ്ക്കാത്തവരുമായ കയർ, കൈത്തറി, ഖാദി & വില്ലേജ് ഇൻഡസ്ട്രീസ്, വ്യവസായം എന്നീ തൊഴിൽ മേഖലയിലെ സഹകരണ സംഘം ജീവനക്കാർക്ക് ബോർഡിൽനിന്നും 2500/-രൂപ ധനസഹായം അനുവദിക്കുമെന്ന ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സൂചന (1) പ്രകാരം ധനസഹായത്തിന് അപേക്ഷകൾ ക്ഷണിച്ചിരുന്നു. പ്രസ്തുത ധനസഹായം സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലും ഇതര വകുപ്പുകൾക്ക് കീഴിലുമുള്ള വെൽഫെയർ ബോർഡിൽ അംഗങ്ങളായ എല്ലാ സഹകരണ സംഘം ജീവനക്കാർക്കും, കമ്മീഷൻ ഏജന്റുമാർക്കും കൂടി ബാധകമാക്കി സൂചന (2) ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കോവിഡ്-19 രണ്ടാം തരംഗത്തിൽ സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ കാലയളവിൽ സംഘത്തിൽനിന്നും ശമ്പളം/വേതനം/കമ്മീഷൻ ലഭിച്ചിട്ടില്ലാത്ത ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ നിന്നും 2500/-രൂപ ധനസഹായം അനുവദിക്കുന്നതാണ്. ടി കാലയളവിൽ വേതനം ലഭിച്ചിട്ടില്ലെന്നുള്ള സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സത്യവാങ്മൂലം ഉൾപ്പെടെയുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ലാ തലത്തിലുള്ള മേലുദ്യോഗസ്ഥന്റെ ശുപാർശ (countersign) സഹിതം ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷകൾ തപാൽ മുഖേനയോ, ഇ.മെയിൽ ആയോ അയക്കാവുന്നതാണ്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

അപേക്ഷകൾ അയയ്ക്കേണ്ട വിലാസം :

അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ
കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്
ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് .പി.ഒ
തിരുവനന്തപുരം-695 014, ഫോൺ-0471-2333300.

ഉള്ളടക്കം - അപേക്ഷാഫാറത്തിന്റെ മാതൃക

Anitha Jacob

അഡീഷണൽ രജിസ്ട്രാർ / സെക്രട്ടറി- ട്രഷറർ

പകർപ്പുകൾ :

1) സഹകരണ സംഘം രജിസ്ട്രാർ (ഉപരിപത്രം സഹിതം)
2) സഹകരണ സംഘം ആഡിറ്റ് ഡയറക്ടർ ( ,, )
3) ഡയറക്ടർ, കയർ വികസന പ്രോജക്ട് ( ,, )
4) ഡയറക്ടർ, ക്ഷീര വികസന വകുപ്പ് ( ,, )
5) ഡയറക്ടർ, ഇൻഡസ്ട്രീസ് & കോമേഴ്സ് ( ,, )
6) ഡയറക്ടർ, ഹാന്റ്ലൂം & ടെക്സ്റ്റയിൽസ് ( ,, )
7) ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ് ( ,, )
8) സെക്രട്ടറി, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ( ,, )
9) റീജിയണൽ മാനേജർ, കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്, റീജിയണൽ ഓഫീസ്- കണ്ണൂർ, തൃശൂർ, എറണാകുളം, തിരുവനന്തപുരം ( ,, )
10) എല്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)
11) എല്ലാ സഹകരണ സംഘം ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)
12) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
13) എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
14) എല്ലാ കയർ വികസന പ്രോജക്ട് ഓഫീസർമാർക്കും
15) എല്ലാ ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16) എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും
17) എല്ലാ ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
18) മാനേജിംഗ് ഡയറക്ടർ, കേരളാ കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ, തിരുവനന്തപുരം.
19) എല്ലാ മിൽമാ മേഖലാ യൂണിയൻ മാനേജിംഗ് ഡയറക്ടർമാർക്കും
20) സഹകരണ സംഘം ജീവനക്കാരുടെ സംഘടനകൾ
21) പത്ര/ ദൃശ്യമാധ്യമങ്ങൾക്കും , സഹകരണ പ്രസിദ്ധീകരണങ്ങൾക്കും
22) സ്റ്റോക്ക് ഫയൽ

# കേരളാ സ്റ്റേറ്റ് കോ – ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡ്

ഏഴാം നില, ജവഹർ സഹകരണ ഭവൻ, DPI ജംഗ്ഷൻ, തൈക്കാട് പി.ഒ.,
തിരുവനന്തപുരം 695014 ഫോൺ : 0471-2333300
വെബ്സൈറ്റ് - www.kscewb.kerala.gov.in ഈ- മെയിൽ secretary.kscewb.tvm@gmail.com

**കോവിഡ് 19 രണ്ടാംതരംഗത്തിലെ ലോക്ഡൗൺ കാലയളവിൽ വേതനം ലഭിക്കാതിരുന്ന സഹകരണ സംഘം ജീവനക്കാർക്കും കമ്മിഷൻ ഏജന്റുമാർക്കും 2500/- രൂപ ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷാ ഫാറം.**

കോവിഡ് -19 രണ്ടാംതരംഗത്തിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതുമൂലം വേതനം ലഭിക്കാതിരുന്ന സഹകരണസംഘം ജീവനക്കാർക്ക് പ്രഖ്യാപിച്ച 2500/- രൂപ ധനസഹായം കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിൽ അംഗമായി വിഹിതം അടച്ചുവരുന്ന ഈ സംഘത്തിലെ ചുവടെ പറയുന്ന ജീവനക്കാർക്ക് അനുവദിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

സംഘത്തിന്റെ പേര് : ...........................................................................................................

പൂർണ്ണമായ മേൽവിലാസം ...................................................................................................

ജില്ല ......................................... ഫോൺ ............................... സംഘത്തിന്റെ കോഡ് നമ്പർ ...............

**ധനസഹായത്തിന് അർഹതയുള്ള ജീവനക്കാരുടെ പേര് വിവരം**

| ക്രമ നം. | ജീവനക്കാരുടെ പേര് | തസ്തിക | കോഡ് നമ്പർ | ഫോൺ നമ്പർ (മൊബൈൽ) | ജീവനക്കാരുടെ ഒപ്പ് |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |

**സത്യവാങ്മൂലം**

മേൽ പറഞ്ഞ ജീവനക്കാർക്ക് കോവിഡ് -19 രണ്ടാംതരംഗത്തിലെ ലോക്ഡൗൺ കാലയളവിൽ ഈ സ്ഥാപനത്തിൽ നിന്നും ശമ്പളമോ കമ്മീഷനോ മറ്റ് തരത്തിലുള്ള വേതനമോ ലഭിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു. ആയത് തെറ്റായിരുന്നുവെന്ന് പിന്നീട് ബോധ്യപ്പെടുന്ന പക്ഷം ടിയാളുകൾക്ക് അനുവദിച്ച ധനസഹായതുക കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫെയർ ബോർഡിലേയ്ക്ക് തിരികെ നൽകാമെന്ന് ഇതിനാൽ ഉറപ്പ് നൽകുന്നു.

പ്രസിഡന്റ്
ഒപ്പ് :
പേര് :

(സംഘം സീൽ)

സെക്രട്ടറി
ഒപ്പ് :
പേര് :

സ്ഥലം :

തീയതി :

**കൗണ്ടർസൈൻ**

(ഓഫീസ് സീൽ)

ഒപ്പ് :
പേര് :
തസ്തിക :

സ്ഥലം :

തീയതി :

കുറിപ്പ് : സംഘത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ ജില്ല/ സംസ്ഥാന തലത്തിലുള്ള മേലുദ്യോഗസ്ഥൻ അപേക്ഷയിൽ കൗണ്ടർസൈൻ ചെയ്യണം.

# Kerala State Co-operative Employees' Welfare Board

7th floor, Jawahar Sahakarana Bhavan, DPI Jn., Thycaud P. O.,
Thiruvananthapuram - 695014. Phone : 0471-2460339, 2333300

e-mail : secretary.kscewb.tvm@gmail.com website : www.kscewb.kerala.gov.in


Date : 17-08-2021

## പത്രകുറിപ്പ്

തിരുവനന്തപുരം: കേരളാ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് എംപ്ളോയീസ് വെൽഫെയർ ബോർഡിൽ അംഗങ്ങളായവരും കോവിഡ്-19 രണ്ടാം തരംഗത്തിൽ ലോക്ഡൗൺ പ്രഖ്യാപിച്ചതുമൂലം ശമ്പളം ലഭിക്കാത്തവരുമായ സഹകരണ സംഘം ജീവനക്കാർക്ക് ബോർഡിൽനിന്നും 2500/-രൂപ ആശ്വാസ ധനസഹായം അനുവദിക്കുമെന്ന് ബോർഡിന്റെ ചെയർമാൻ കൂടിയായ സഹകരണ വകുപ്പ് മന്ത്രി ശ്രീ. വി.എൻ.വാസവൻ പ്രഖ്യാപിച്ചിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലും ഇതര വകുപ്പുകൾക്ക് കീഴിലുമുള്ള വെൽഫെയർ ബോർഡിൽ അംഗങ്ങളായ സഹകരണ സംഘം ജീവനക്കാർക്കും കമ്മീഷൻ ഏജന്റുമാർക്കും ഈ ധനസഹായത്തിന് അർഹതയുണ്ട്. കോവിഡ്-19 രണ്ടാം തരംഗംമൂലം സർക്കാർ പ്രഖ്യാപിച്ച ലോക്ഡൗൺ കാലയളവിൽ സംഘത്തിൽനിന്നും ശമ്പളം/ വേതനം/കമ്മീഷൻ ലഭിച്ചിട്ടില്ലെന്ന സംഘം പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും സത്യവാങ്മൂലം ഉൾപ്പെടെയുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷ സ്ഥാപനത്തിന്റെ ഭരണനിയന്ത്രണ ചുമതലയുള്ള താലൂക്ക്/ജില്ലാതലത്തിലുള്ള മേലുദ്യോഗസ്ഥന്റെ ശുപാർശ സഹിതം ബോർഡിന്റെ തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ തപാൽ മുഖേനയോ, ഇ.മെയിൽ ആയോ അയക്കാവുന്നതാണ്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ബോർഡിന്റെ **www.kscewb.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. (ഫോൺ.0471 2333300) ഇ- മെയിൽ - **secretary. kscewb.tvm@ gmail.com**

Anitha Jacob

അനിത ജേക്കബ്
അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി-ട്രഷറർ

OFFICE OF THE KERALA STATE CO-OPERATIVE EMPLOYEES WELFARE BOARD
THYCAUD P.O.
THIRUVANANTHAPURAM
PIN: 695 014